(ജി) തൊഴിലാളികൾക്ക് പി.എഫ്. ആനുകൂല്യം കിട്ടിയിരുന്നു. ഇപ്പോഴും പി.എഫ്. അഡ്വാൻസും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ക്ലോഷർ ബനിഫിറ്റും കിട്ടുന്നുണ്ട്. 2003 ഡിസംബർ വരെ ആനുകൂല്യങ്ങൾ കിട്ടിയിരുന്നു. ഇപ്പോൾ ജോലിയും വേതനവുമില്ലാത്തതുകൊണ്ടും, പി.എഫ്. വിഹിതം അടയ്ക്കാത്തതുകൊണ്ടും ആനുകൂല്യങ്ങൾ നൽകുന്നില്ല.

ആത്മഹത്യ ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ

39 [1342] ശ്രീ. കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യങ്ങളും ആശ്രിത നിയമനവും നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട മുൻചാരായ തൊഴിലാളികളുടെ പുനരധിവാസം സർക്കാർ പരിഗണിച്ചുവരികയാണ്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അനുവദിക്കപ്പെട്ട തസ്തികകൾ

40 [1343] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഓഫീസിൽ ജോലി ഭാരത്തിനനുസരിച്ച് ജീവനക്കാരില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 10-3-1997 തീയതിയിലെ ജി. ഒ. (എം.എസ്.) നമ്പർ 24/97/എൽ.ബി.ആർ. എന്ന ഉത്തരവിലൂടെയാണ് അനുവദിച്ചത്. അതിലൂടെ അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം ചുവടെ കൊടുക്കുന്നു:

എംപ്ലോയ്മെന്റ് ഓഫീസർ	.. 1
ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ	.. 1

LIBRARY ARCHIVES Kerala Legislative Assembly

എൽ. ഡി. ക്ലാർക്ക്	..	2
എൽ.ഡി. ടൈപ്പിസ്റ്റ്	..	1
പ്യൂൺ	..	1
പാർട്ട്ടൈം വാച്ച്മാൻ	..	1
പാർട്ട്ടൈം സ്വീപ്പർ	..	1
ആകെ	..	8

(ബി) ഇല്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ ബിരുദധാരികൾ

41[1344] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എം. ബി. ബി. എസ്., ബി. ടെക്., എം. സി. എ., ബി. എഡ്., ബി. എസ്. സി. നഴ്സിംഗ്, നഴ്സിംഗ് ഡിപ്ലോമ ഇവ പാസ്സായി രജിസ്റ്റർ ചെയ്തവർ ഓരോ വിഭാഗത്തിലും എത്രപേർ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷം ഓരോ വിഭാഗത്തിലുംപെട്ട എത്രപേർക്ക് തൊഴിൽ ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ചുവടെ ചേർക്കുന്നു:

യോഗ്യത		*രജിസ്റ്റർ ചെയ്തവരുടെ എണ്ണം*
എം.ബി.ബി.എസ്.	..	959
ബി.ടെക്.	..	8160
എം.സി.എ.	..	3746
ബി.എഡ്.	..	57108
ബി.എസ്.സി. നഴ്സിംഗ്	..	837
നഴ്സിംഗ് ഡിപ്ലോമ	..	15255

LIBRARY ARCHIVES Kerala Legislative Assembly